കേരള നിയമസഭാ നടപടികൾ

ഒൻപതാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

1996 മാർച്ച് 12, ചൊവ്വ

വാല്യം XCVII] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 8

നിയമസഭ 1996 മാർച്ച് 12-ാം തീയതി ചൊവ്വാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. തേറമ്പിൽ രാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

I. ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തിലേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

(i) വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ: ഓർഡർ, ഓർഡർ.....

വൈദ്യുതിക്ഷാമം പരിഹരിക്കുവാൻ നടപടി

*1 [54] ശ്രീ. കെ. സി. ജോസഫ്:
,, കെ. ബാബു:
,, എ. പത്മകുമാർ:
,, പി. എം. മാത്യു:
,, സി. കെ. ചന്ദ്രപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വൈദ്യുതിക്ഷാമം പരിഹരിക്കുവാൻ സർക്കാർ എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ബി) വൈദ്യുതിക്ഷാമം പരിഹരിക്കുവാൻ സർക്കാർ ഇതിനകം നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ;

(സി) സംസ്ഥാനത്ത് ഇപ്പോൾ ഉണ്ടായിട്ടുള്ള വൈദ്യുതിക്ഷാമത്തിന്റെ മുഖ്യ കാരണം എന്തെന്ന് വ്യക്തമാക്കുമോ;

(ഡി) വൈദ്യുതി പ്രതിസന്ധി പരിഹരിക്കുന്നതിനായി കേന്ദ്ര ഗവൺമെന്റിൽനിന്നും സംസ്ഥാന സർക്കാർ സഹായം അഭ്യർത്ഥിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) വൈദ്യുതിക്ഷാമം പരിഹരിക്കുന്നതിന് സ്വകാര്യ കമ്പനികൾക്ക് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം കമ്പനികൾക്കാണ് അനുമതി നൽകിയിട്ടുള്ളത്";

(എഫ്) ഈ കമ്പനികൾ ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതി വാങ്ങുന്നതിന് ബോർഡിന് അനുമതി നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ജി) പൊതുമേഖലയിലെ വൈദ്യുത പദ്ധതികൾ മരവിപ്പിച്ചിട്ടാണ് സ്വകാര്യമേഖലയ്ക്ക് അനുമതി നൽകിയതെന്ന ആക്ഷേപം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

വിദ്യുച്ഛക്തി വകുപ്പുമന്ത്രി (ശ്രീ. ജി. കാർത്തികേയൻ):

(എ) ഉണ്ട്. സംസ്ഥാനത്തെ വൈദ്യുതി ക്ഷാമം പരിഹരിക്കാനായി വിവിധ പദ്ധതികൾ നടപ്പാക്കി വരുന്നു. പണി നടന്നു കൊണ്ടിരിക്കുന്ന വൈദ്യുത പദ്ധതികൾ ഏറ്റവും പെട്ടെന്ന് പൂർത്തിയാക്കുക, ഹ്രസ്വകാല-ദീർഘകാലാടിസ്ഥാനത്തിൽ തീർക്കാനുള്ള പദ്ധതികൾ പ്ലാൻ ചെയ്യുക, ഏറ്റവും ചെറിയ കാലയളവിൽ പൂർത്തീകരിക്കാൻ കഴിയുന്ന ചെറുകിട പദ്ധതികൾ സ്വകാര്യ മേഖലയെക്കൂടി പങ്കെടുപ്പിച്ച് നടപ്പാക്കുക, കേന്ദ്ര പൂളിൽ നിന്ന് കൂടുതൽ വൈദ്യുതി ലഭ്യമാക്കുക, വൈദ്യുതിയുടെ ഉപഭോഗം പരമാവധി കുറയ്ക്കുവാൻ പൊതുജനങ്ങളെ ബോധവൽക്കരിക്കുക എന്നിവയാണ് ഇതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ.

(ബി) ത്വരിതഗതിയിൽ നടന്നുവരുന്ന ബ്രഹ്മപുരം, ലോവർ പെരിയാർ പദ്ധതികളുടെ പണി എത്രയും എളുപ്പത്തിൽ തീർക്കുവാനുള്ള തീവ്രശ്രമം നടത്തി വരുന്നു. കക്കാട് പദ്ധതിയുടെ പണി സജീവമാക്കുവാൻ നടപടികൾ എടുത്തു കഴിഞ്ഞു. പേപ്പാറ, മലമ്പുഴ എന്നീ ചെറുകിട ജലവൈദ്യുത പദ്ധതികൾ ഉടനെ തന്നെ കമ്മീഷൻ ചെയ്യുവാനും മാട്ടുപ്പെട്ടി പദ്ധതി ജൂൺ മാസം കമ്മീഷൻ ചെയ്യുവാനും നടപടികൾ എടുത്തിട്ടുണ്ട്. പണികൾ നടന്നുകൊണ്ടിരിക്കുന്ന മറ്റ് ചെറുകിട ജലവൈദ്യുത പദ്ധതികളുടേയും പെരിങ്ങൽക്കുത്ത് ഇടതുകര എക്സ്റ്റൻഷൻ (16 മെ. വാട്ട്) പദ്ധതിയുടേയും പണികൾ ത്വരിതപ്പെടുത്തിയിട്ടുണ്ട്. സ്വകാര്യ മേഖലയിൽ 9 വൻകിട താപനിലയങ്ങളുടെയും 25 ചെറുകിട താപ നിലയങ്ങളുടേയും അനുവാദം നൽകിക്കഴിഞ്ഞു. കായംകുളം പദ്ധതിക്ക് അംഗീകാരം ലഭ്യമാക്കി. കൊച്ചിൻ റിഫൈനറീസിന്റെ താപനിലയത്തിനും അനുമതി നൽകിയിട്ടുണ്ട്. ഇതു കൂടാതെ എടരിക്കോട് 5 മെഗാവാട്ടിന്റെ ഒരു ഡീസൽ നിലയം 'ടേൺ കീ' അടിസ്ഥാനത്തിൽ നിർമ്മിച്ച് കെ. എസ്. ഇ. ബി.ക്ക് കൈമാറുവാൻ ഓർഡർ കൊടുക്കുകയും അതിന്റെ പണി പുരോഗമിക്കുകയും ചെയ്യുന്നുണ്ട്.

(സി) ഉപഭോഗത്തിലുണ്ടായ വർദ്ധനവിനനുസരിച്ച് സ്ഥാപിത ശേഷി വർദ്ധിക്കാതിരുന്നതും റിസർവോയറുകളിൽ കഴിഞ്ഞ വർഷങ്ങളെ അപേക്ഷിച്ച് ജല സംഭരണം കുറഞ്ഞതുമാണ് ഇപ്പോഴത്തെ വൈദ്യുതി ക്ഷാമത്തിന്റെ മുഖ്യ കാരണങ്ങൾ.

(ഡി) സഹായം അഭ്യർത്ഥിച്ചിട്ടുണ്ടായിരുന്നു. ഉദ്യോഗസ്ഥ തലത്തിലും മന്ത്രിതലത്തിലും മുഖ്യമന്ത്രി, പ്രധാനമന്ത്രി തലത്തിലും

LIBRARY ARCHIVES Kerala Legislative Assembly

ചർച്ചകൾ നടത്തിയിട്ടുണ്ട്. ഇതനുസരിച്ച് കേന്ദ്ര അൺലൊക്കേറ്റഡ് ഷെയറിൽ നിന്നും 5% കൂടി കേരളത്തിന് നൽകുവാൻ ഉത്തരവായിട്ടുണ്ട്.

(ഇ) ഉണ്ട്. തത്വത്തിൽ അംഗീകരിച്ചിട്ടുള്ളവയുടെ വിവരം താഴെ ചേർക്കുന്നു:

1. കാസർകോട് പവർ കോർപ്പറേഷൻ (ആർ. പി. ജി.)—കാസർകോട്—60 മെ. വാട്ട്

2. സിയാസിൻ എനർജി (പ്രൈവറ്റ്) ലിമിറ്റഡ്—വൈപ്പിൻ—1200 മെ. വാട്ട്—(2x600)

3. ഡബ്ളിയു. ഐ. എസ്. ഇ. ലിമിറ്റഡ്—പാലക്കാട്—100 മെ. വാട്ട്

4. ഫിനോലക്സ്—മഞ്ചേശ്വരം—500 മെ. വാട്ട്

5. കാസർകോട് പവർ കോർപ്പറേഷൻ—കാസർകോട്—780 മെ, വാട്ട്. ഇതിൽ 500 മെഗാവാട്ട് വൈദ്യുതിയാണ് കെ. എസ്. ഇ. ബി. വാങ്ങുവാനുദ്ദേശിക്കുന്നത്.

6. ബി. പി. എൽ—കാസർകോട്—500 മെ. വാട്ട്

7. കെ: പി. പി. നമ്പ്യർ അസോസിയേറ്റ്സ്—കണ്ണൂർ—500 മെ. വാട്ട്

8. ഇ. ഡി. സി. ഇൻറർനാഷണൽ—പാലക്കാട്—300 മെ. വാട്ട്.

9. കുമാർ എനർജി കോർപ്പറേഷൻ—വിഴിഞ്ഞം—330 മെ. വാട്ട് കായംകുളം (400 മെ. വാട്ട്) പദ്ധതിക്കും അനുവാദം കേന്ദ്ര സർക്കാർ നൽകിയിട്ടുണ്ട്. കെ. എസ്. ഇ. ബി. ക്ക് പങ്കാളിത്തമുള്ള കൊച്ചിൻ റിഫൈനറീസിന്റെ പദ്ധതിക്കും (500 മെ. വാട്ട്) സർക്കാർ അംഗീകാരം കൊടുത്തിട്ടുണ്ട്.

(എഫ്) ഉണ്ട്. 'ഇ' യിൽ പറഞ്ഞിട്ടുള്ള പട്ടികയിൽ 1 മുതൽ 3 വരെയുള്ള കമ്പനികളുമായും കായംകുളം പദ്ധതിക്കുവേണ്ടി എൻ. ടി. പി. സി. യുമായും കെ. എസ്. ഇ. ബി. വൈദ്യുതി വാങ്ങൽ ഉടമ്പടിയിൽ ഒപ്പിട്ടു കഴിഞ്ഞു. 4 മുതൽ 9 വരെയുള്ള കമ്പനികളുമായും വൈദ്യുതി വാങ്ങൽ ഉടമ്പടിയിൽ ഒപ്പുവയ്ക്കാൻ സർക്കാർ അനുമതി നൽകിയിട്ടുണ്ട്.

(ജി) പൊതുമേഖലയിലെ വൈദ്യുത പദ്ധതികൾ മരവിപ്പിച്ചിട്ടില്ല.

ശ്രീ. കെ. ബാബു: സർ, വൈദ്യുതിക്ഷാമം പരിഹരിക്കാൻ സ്വകാര്യ മേഖലയിലുള്ള കമ്പനികൾക്ക് അനുവാദം നൽകിയിട്ടുണ്ട് എന്ന് പറഞ്ഞു. അങ്ങനെ സ്വകാര്യ കമ്പനിയുമായി ഉണ്ടാക്കിയിട്ടുള്ള പവർ പർച്ചേസ് എഗ്രിമെൻറിൽ, അത് ഏതെല്ലാം തലത്തിൽ ചർച്ച ചെയ്തു, എന്തെല്ലാം വ്യത്യാസങ്ങളാണ് ഏർപ്പെടുത്തിയുട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ശ്രീ. ജി. കാർത്തികേയൻ: സർ, പവർ പർച്ചേസ് എഗ്രിമെൻറ് വിവിധ തലങ്ങളിൽ ചർച്ച ചെയ്തു അതിന്റെ സുതാര്യത വ്യക്തമാക്കിയതിനുശേഷമാണ് ക്യാബിനറ്റ് അംഗീകാരം നേടിയത്. കേന്ദ്ര സർക്കാരിന്റെയും സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റിയുടെയും നിബന്ധനകളുമായി ബന്ധപ്പെട്ട് ആന്ധ്രയിലും ഓറീസ്സയിലും

LIBRARY ARCHIVES Kerala Legislative Assembly

മദ്ധ്യപ്രദേശിലും പാസ്സാക്കി എടുത്ത് അവർ രൂപകൽപ്പന ചെയ്ത പി. പി. എ. യുമായി ചർച്ച ചെയ്താണ് നമ്മുടെ പി. പി. എ. ക്ക് രൂപം കൊടുത്തിട്ടുള്ളത്. യൂണിറ്റ് ട്രസ്റ്റിന്റെയും ഐ. പി. ഐ. സി. യുടെയും ഏഷ്യൻ ഡവലപ്പ്മെന്റ് ബാങ്കുമായി ബന്ധപ്പെട്ട 'ക്രിസിൽ' എന്ന സ്ഥാപനമാണ് ഇതിന്റെ ക്രൊമേഴ്സ്യൽ ആസ്പെക്ട് വിലയിരുത്തിയത്. അതിന്റെ ലീഗൽ ആസ്പെക്ട് റിട്ടയേർഡ് ജസ്റ്റീസ് ശ്രീ. വിശ്വനാഥ അയ്യർ നോക്കി. അതിനുശേഷം കെ. എസ്. ഇ. ബോർഡിന്റെ എക്സ്പെർട്ട് കമ്മിറ്റി നോക്കി. അതിനുശേഷം അഡീഷണൽ ചീഫ് സെക്രട്ടറി ചെയർമാനായിട്ടുള്ള ഹൈ ലെവൽ കമ്മിറ്റി അത് പരിശോധിച്ചു. അതിനുശേഷം ഇത് ക്യാബിനറ്റും വിശദമായി ചർച്ചചെയ്ത ശേഷമാണ് പവർ പർച്ചേസ് എഗ്രിമെന്റ് ഒപ്പ് വയ്ക്കുന്നതിനുള്ള അനുവാദം നൽകിയത്. എന്ന് മാത്രമല്ല ഇന്ത്യയിൽ ആദ്യമായി പവർ പർച്ചേസ് എഗ്രിമെന്റ് നമ്മുടെ മാധ്യമങ്ങളിൽ കൊടുത്ത് മറൊന്നും മറച്ച് വയ്ക്കാനില്ലാത്ത തരത്തിൽ കേരളത്തിന്റെ ഉത്തമ താൽപ്പര്യം സംരക്ഷിക്കുന്നതിനുവേണ്ടി സ്വകാര്യ കമ്പനികളുമായി ഉണ്ടാക്കുന്ന ഈ പവർ പർച്ചേസ് എഗ്രിമെന്റിന്റെ കോപ്പികൾ വിതരണം ചെയ്തതു തന്നെ സർക്കാരിന് ഇതിലൊന്നും മറച്ച് വയ്ക്കാനില്ലാത്തതുകൊണ്ടാണ്.

ശ്രീ. കെ. ബാബു: വൈദ്യുതിക്ഷാമം പരിഹരിക്കുന്നതിനുവേണ്ടി ഏതെല്ലാം ജലവൈദ്യുത പദ്ധതികളാണ് കേന്ദ്ര ഗവൺമെന്റിന്റെ മുമ്പിൽ ഇപ്പോൾ സമർപ്പിച്ചിട്ടുള്ളത്; അത് ഏതൊക്കെ ഘട്ടത്തിലാണ് എത്തി നിൽക്കുന്നതെന്ന് പറയാമോ?

ശ്രീ. ജി. കാർത്തികേയൻ: കേന്ദ്ര ഗവൺമെന്റിൽ സമർപ്പിച്ചിട്ടുള്ള പദ്ധതികളിൽ പ്രധാനമായിട്ടുള്ളത് പൂയംകുട്ടി പദ്ധതിയുടേതാണ്. ആതിരപ്പള്ളിപോലുള്ള ചെറിയ പദ്ധതികളും കേന്ദ്ര ഗവൺമെന്റിന്റെ അനുമതിക്കു വേണ്ടി കാത്ത് നിൽക്കുന്നുണ്ട്. പ്രധാനപ്പെട്ട ഒരു വൈദ്യുത പദ്ധതി എന്ന നിലയിൽ ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റിന്റെ ക്ലിയറൻസിനുവേണ്ടി കാത്ത് കിടക്കുന്നു. ഇത് പൂയംകുട്ടി പദ്ധതിക്ക് വേണ്ടിയാണ്. പൂയംകുട്ടി പദ്ധതിക്ക് അനുവാദം ലഭിക്കുന്നതിനുവേണ്ടി മുഖ്യമന്ത്രി തലത്തിലും വകുപ്പുമന്ത്രി എന്ന നിലയിൽ ഞാനും നിരവധി പ്രാവശ്യം കേന്ദ്ര അധികാരികളെ കണ്ട് ചർച്ച നടത്തിയിട്ടുമുണ്ട്. പൂയംകുട്ടി പദ്ധതിക്ക് അനുവാദം ലഭിക്കുന്നതിനുവേണ്ടിയുള്ള ശ്രമങ്ങൾക്കായി ഒരു കോംപ്രൈമൈസും, ഇല്ലാതെ സർക്കാർ മുന്നോട്ട് നീങ്ങിക്കൊണ്ടിരിക്കുന്നു.

ശ്രീ. എ. പത്മകുമാർ: ശ്രീ. കെ. ബാബുവിന്റെ ചോദ്യത്തിന് മറുപടി പറഞ്ഞുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി സംസാരിച്ചപ്പോൾ വിവിധ പദ്ധതികൾ നടപ്പിലാക്കുന്നുവെന്നാണ് അദ്ദേഹം പറഞ്ഞത്. നമ്മുടെ കേരളത്തിലെ വൈദ്യുതിയുടെ സ്ഥിതി നമ്മൾ അറിയുന്നതിനേക്കാൾ വളരെ ഗൗരവമായിട്ട് മാറിക്കൊണ്ടിരിക്കുകയാണ് എന്നുള്ളതാണ് വസ്തുത. രണ്ടു ലക്ഷത്തി എഴുപത്തി അയ്യായിരത്തിലധികം വരുന്ന അപേക്ഷകരാണ് പുതിയ കണക്ഷനുവേണ്ടി കാത്തുനിൽക്കുന്നത്. 1995-96-ലെ ഡിമാൻഡ് പതിനൊന്നായിരം മില്യൺ യൂണിറ്റ് വൈദ്യുതിയാണ്. ഇതൊക്കെ കണക്കിലെടുത്ത് ഉൽപ്പാദന ശേഷി വർദ്ധിപ്പിക്കുന്ന കാര്യത്തിലും അതുപോലെതന്നെ സ്ഥാപിത ശേഷി വർദ്ധിപ്പിക്കുന്ന കാര്യത്തിലും വേണ്ടത്ര ജാഗ്രതയോടുകൂടി ഭാവനാപൂർണ്ണമായി കേരളത്തിലെ ഗവൺമെന്റും മന്ത്രിയും പ്രവർത്തിച്ചിട്ടില്ല

LIBRARY ARCHIVES Kerala Legislative Assembly

എന്ന് കേന്ദ്രപാരമ്പര്യേതര ഊർജ്ജ വകുപ്പ് സഹമന്ത്രി ശ്രീ. പി.ജെ. കുര്യന്റെ പ്രസ്താവന അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കേന്ദ്ര പൂളിൽ നിന്ന് എത്ര വൈദ്യുതിയാണ് കേരളത്തിന് ഇപ്പോൾ ലഭിക്കുന്നത്?

ശ്രീ. ജി. കാർത്തികേയൻ: ഈ ഗവൺമെന്റിന്റെ അനാസ്ഥയെ കുറിച്ചും മന്ത്രിയുടെ അനാസ്ഥയെയും ബന്ധപ്പെടുത്തി കേന്ദ്ര പാരമ്പര്യേതര ഊർജ്ജ വകുപ്പുമന്ത്രി ശ്രീ. പി. ജെ. കുര്യൻ പറഞ്ഞതായി പത്രത്തിൽ വന്ന വാർത്ത എന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അത്തരത്തിൽ അദ്ദേഹം പറഞ്ഞുവെന്ന് ഞാൻ വിശ്വസിക്കുന്നില്ല. കാരണം അങ്ങനെ പറയേണ്ടതരത്തിലുള്ള ഒരു സാഹചര്യം ഒന്നാമതായോ രണ്ടാമതായോ മൂന്നാമതായോ കേരളത്തിലില്ല. കേന്ദ്ര വിഹിതമെന്ന നിലയിൽ നമുക്ക് 495 മെഗാവാട്ട് വൈദ്യുതിയാണ് കിട്ടേണ്ടത്. ഓരോ മാസത്തിലേയും ലിസ്റ്റ് തിരിച്ചുള്ള കണക്ക് വേണമെങ്കിൽ കൊടുക്കാം.

ശ്രീ. എ. പത്മകുമാർ: കായംകുളം പദ്ധതിയുമായി ബന്ധപ്പെട്ട സ്ഥലമെടുപ്പ് ഉൾപ്പെടെയുള്ള എല്ലാ ജോലികളും എൽ. ഡി. എഫ്. ഗവൺമെന്റിന്റെ കാലത്താണ് പൂർത്തീകരിച്ചത്. 1994 ജൂണിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. കെ. കരുണാകരനും കേന്ദ്ര മന്ത്രിയായിട്ടുള്ള ശ്രീ. സാൽവേയും ഉൾപ്പെടെ അവിടെ തറക്കല്ലിട്ടു. തറക്കല്ലിട്ടപ്പോൾ അദ്ദേഹം പ്രഖ്യാപിച്ചത് അടിയന്തിരമായി ഇതിന്റെ പണി പൂർത്തീകരിക്കുകയും അടിയന്തിരമായി വൈദ്യുതി ഉല്പാദനം ആരംഭിക്കുകയും ചെയ്യുമെന്നാണ്. അങ്ങ് ഒരു ദിവസം ഇങ്ങോട്ട് കയറി വരുമ്പോൾ രേണുകക്ഷി ബഞ്ചിൽ ഭയങ്കര കൈയടി. മുഖ്യമന്ത്രി എഴുന്നേറ്റ് നിന്ന് അങ്ങയെ അഭിനന്ദിച്ചു. ഞങ്ങൾ എന്താണ് കാര്യമെന്നറിയാതെ ഇരുന്നപ്പോൾ ഇവിടെ ആരോ പറയുന്നത് കേട്ടു കായംകുളം പദ്ധതിക്ക് അനുമതി ലഭിച്ചതിന്റെ അഭിനന്ദനമാണ് എന്ന്. ഈ കായംകുളം പദ്ധതിയുമായി ബന്ധപ്പെട്ട് എന്തൊക്കെ പ്രവർത്തനങ്ങളാണ് ഈ ഗവൺമെന്റ് വന്നതിന് ശേഷം നടത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ശ്രീ ജി. കാർത്തികേയൻ: ഞാൻ ഒരു ദിവസം സഭയിലേക്ക് കടന്നു വന്നപ്പോൾ ഭരണപക്ഷത്തെയും പ്രതിപക്ഷത്തെയും സുഹൃത്തുക്കൾ കൈ അടിച്ചത്, കേരളത്തിലെ മന്ത്രി എന്ന നിലയ്ക്ക് ലഭിച്ച ഒരു അംഗീകാരത്തിന്റെ പേരിലാണ്. വ്യക്തിപരമായിട്ടല്ല. അതുകൊണ്ടാണ് അതിനെ പ്രകീർത്തിച്ചുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത്. ഞാൻ വൈദ്യുതി മന്ത്രിയായി ചാർജ്ജ് എടുത്തതിനുശേഷം, അതിനുമുമ്പുള്ള ഗവൺമെന്റുകൾ ചെയ്ത എല്ലാ പ്രവർത്തനങ്ങളും ബഹുമാനപൂർവ്വം കണ്ടുകൊണ്ടുതന്നെ, കായംകുളം പദ്ധതിക്ക് അംഗീകാരം കിട്ടുന്നതിനുവേണ്ടി ഒരുപാട് തവണ ഡൽഹിയിലേക്ക് യാത്ര നടത്തി. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇടപെട്ടു. ഇതിനകത്ത് രാഷ്ട്രീയം ഒന്നും ഇല്ല. കേന്ദ്രക്യാബിനറ്റിന്റെ സാമ്പത്തിക കാര്യ ഉപസമിതിയുടെ അംഗീകാരം ലഭിച്ചാൽ മാത്രമേ ഇതിന്റെ പണം ചെലവാക്കാനുള്ള അനുവാദം ലഭിക്കുകയുള്ളൂ. അതുവരെ അതിന്റെ മറ്റു കാര്യങ്ങൾ പൂർത്തിയായിരുന്നില്ല. കായംകുളത്തെ 400 മെഗാവാട്ട് പദ്ധതി എൻ. ടി. പി. സി. നടപ്പിലാക്കാനുള്ള അവസാനത്തെ ക്ലിയറൻസ് നിരന്തരമായ സമ്മർദ്ദം ചെലുത്തി നേടിയെടുത്തു. കേരളത്തിൽ നിന്നുള്ള എല്ലാ പാർട്ടികളിലേയും എം. പി. മാർ ഉൾപ്പെടെ പ്രധാനമന്ത്രിയേയും ധനമന്ത്രിയേയും അവിടത്തെ ഊർജ്ജവകുപ്പ് മന്ത്രിയേയും ഉദ്യോഗസ്ഥൻമാരെയും കണ്ട് നിരന്തരമായി സമ്മർദ്ദം ചെലുത്തിയതുകൊണ്ടുമാത്രമാണ് കായംകുളം പദ്ധതി നടപ്പിൽ വരുന്നതിന് അന്തിമമായി അനുമതി നൽകിയത്. അതിന് ഒരു ആഹ്ലാദപ്രകടനം സഭയിൽ വരുന്നത് സ്വാഭാവികമാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. കെ. ചന്ദ്രപ്പൻ: കായംകുളം പദ്ധതി നടപ്പിലാക്കുന്നതിന് അങ്ങ് വന്നതിനുശേഷം ചെയ്ത കാര്യങ്ങൾ പറഞ്ഞു. എന്നാൽ ഈ പദ്ധതിയുടെ പ്രവർത്തനങ്ങൾ അതിനുശേഷം എങ്ങനെല്ലാം തരത്തിൽ പുരോഗമിച്ചുകൊണ്ടിരിക്കുന്നു എന്ന കാര്യം സഭയെ അറിയിക്കാമോ?

ശ്രീ. ജി. കാർത്തികേയൻ: എൻ. ടി. പി. സി. ആഗോള ടെൻഡർ വിളിച്ചു. ടെൻഡർ പൊട്ടിച്ചു. അത് ഇവാലുവേഷൻ ചെയ്യുന്നു. ആർക്കാണ് കൊടുക്കേണ്ടതെന്ന് തീരുമാനിച്ചിട്ടില്ലെന്നാണ് അറിവ്. ആവശ്യമായ ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ മറ്റ് കോൺട്രാക്ട് വർക്കുകൾ നടക്കുന്നു. ഭാരത് പെട്രോളിയവുമായിട്ട് എൻ. ടി. പി. സി. ഫ്യൂവൽ ലിങ്കിന്റെ കരാർ ഒപ്പുവച്ചുകഴിഞ്ഞു. മെഷീൻ ഇറക്കുമതി ചെയ്യുന്നതിനുള്ള ടെൻഡറിന്റെ നടപടി അവസാനഘട്ടത്തിലാണ്. ടെൻഡറിന്റെ കാര്യം ഒഴികെ കായംകുളം വൈദ്യുതി നിലയവുമായി ബന്ധപ്പെട്ട മറ്റ് പ്രവർത്തനങ്ങൾ അവിടെ പൂർണ്ണമായും പുരോഗതിയിലാണ്.

ശ്രീ. സി. കെ. ചന്ദ്രപ്പൻ: ഈ ഗവൺമെന്റ് ഈ പവർ പർച്ചേസ് എഗ്രിമെന്റ് ഒപ്പുവയ്ക്കാൻ ഉദ്ദേശിക്കുന്നുണ്ട്. അതിനകത്ത് ധാർമ്മികമായ ഒരു പ്രശ്നമില്ലേ? അധികാരത്തിൽ ഇനി വളരെക്കുറച്ച് ദിവസം മാത്രം ഇരിക്കാൻ അവസരമുള്ള ഒരു ഗവൺമെന്റിനു ഈ സംസ്ഥാനത്തെ ഇത്രയും വലിയ ഒരു ഫിനാൻഷ്യൽ കമ്മിറ്റ്മെന്റ് ഉണ്ടാകുന്ന വളരെ വിവാദപരമായ, ഞങ്ങൾക്കൊക്കെ ഒരുപാട് അഭിപ്രായവ്യത്യാസങ്ങളുള്ള, ഇത്തരം ഒരു കമ്മിറ്റ്മെന്റ് ഈ സഭയിൽ ഒരു ചർച്ച അതിനെക്കുറിച്ച് നടത്താതെ, അല്ലെങ്കിൽ രാഷ്ട്രീയ പാർട്ടികളെ വിളിച്ച് ഒരു അഭിപ്രായസമന്വയം ഉണ്ടാക്കാതെ ഇങ്ങനെ ഒരു എഗ്രിമെന്റ് ഒപ്പ് വച്ചതിൽ ധാർമ്മികമായ ഒരു അപാകത അങ്ങ് കാണുന്നുണ്ടോ?

ശ്രീ. ജി. കാർത്തികേയൻ: പാർലമെന്ററി ജനാധിപത്യ വ്യവസ്ഥയനുസരിച്ച് ഗവൺമെന്റുകൾ ഒരു തുടർച്ചയാണ്. കേരളത്തിൽ ഇനി ആര് അധികാരത്തിൽ വരണമെന്ന് ജനങ്ങളാണ് തീരുമാനിക്കേണ്ടത്. കേരളത്തിൽ 1957 മുതൽ അധികാരത്തിൽ വന്ന ഗവൺമെന്റുകൾ രാഷ്ട്രീയമായി അഭിപ്രായവ്യത്യാസങ്ങൾ പറഞ്ഞിട്ടുണ്ടെങ്കിലും ഒരു മുന്നണിയിലെ ഗവൺമെന്റുകൾ എടുത്തിട്ടുള്ള, ജനങ്ങൾക്ക് വേണ്ടിയുള്ള പദ്ധതികളൊന്നും ആരും മാറിവച്ചിട്ടില്ല. അത് ഒരു തുടർച്ചയാണ്. ഇതിന് 2 വർഷം മുമ്പ് മെമ്മോറാണ്ടം ഓഫ് അണ്ടർസ്റ്റാൻഡിംഗ് വന്നതാണ്. ധാരണാപത്രത്തിൽ ഒപ്പ് വച്ചതാണ്. അതിനുശേഷമുള്ള പവർ പർച്ചേസ് എഗ്രിമെന്റ് ക്യാബിനറ്റിൽ വരുന്നതിന് തന്നെ 2 വർഷത്തോളം എടുത്തു. നമുക്ക് വൈദ്യുതി ഇല്ല എന്ന പരമയാഥാർത്ഥ്യം ഉണ്ട്. ഓരോ ദിവസം കഴിഞ്ഞു പോകുന്തോറും കാലയളവ് നീണ്ടുപോകുന്നത് കേരളത്തിന് ബുദ്ധിമുട്ടുണ്ടാക്കും. അതല്ലാതെ മറ്റൊന്നും മറച്ചുവയ്ക്കുന്നതിന് വേണ്ടിയല്ല. ഇവിടെ ഈ പ്രവർത്തനങ്ങളുമായി വരുന്ന സ്വകാര്യകമ്പനികൾ കേരളത്തിനു പുറത്തും ഇൻഡ്യയ്ക്ക് പുറത്തും കോൺട്രാക്റ്റർ ഉള്ളവരാണ്. ഇപ്പോൾ വന്ന കരടുതാരിഫ് തന്നെ അവർക്ക് ഫിനാൻഷ്യൽ റിസോഴ്സസ് കണ്ടെത്തുന്നതിനുള്ള ബുദ്ധിമുട്ടാണെന്ന് അവർ പലപ്പോഴും പറഞ്ഞിട്ടുണ്ട്. ഈ നിയമസഭയിലെ ഭരണപക്ഷത്തും പ്രതിപക്ഷത്തുമുള്ള നേതാക്കൻമാരോടു തന്നെ ഈ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട പലയാളുകളും പറഞ്ഞിട്ടുണ്ട്. അതുകൊണ്ട് ഇതിന്റെ നല്ല വശങ്ങൾക്ക് നേരെ നിഷേധാത്മകമായ സമീപനം ഗവൺമെന്റ് എടുക്കുന്നതല്ല. ഈ പവർ പർച്ചേസ് എഗ്രിമെന്റ് പത്രങ്ങളിൽ കൊടുത്തതുകൊണ്ടുതന്നെ ഇതിനകത്ത് സുതാര്യത വരുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

ഇനി വരാൻപോകുന്ന ഗവൺമെൻറ് ഏതാണെന്ന് ജനങ്ങൾ നിശ്ചയിക്കട്ടെ. എങ്കിലും വരാൻപോകുന്ന ഗവൺമെൻറിനെ നേരെയുള്ള ഒരു കടന്നുകയറ്റമല്ല ഉദ്ദേശിക്കുന്നത്. അതിന് പരമാവധി എടുക്കേണ്ട സമയം എടുത്തതിനു ശേഷമാണ് അംഗീകാരം കൊടുത്തത്. ധൃതി വച്ചല്ല ക്യാബിനറ്റിൽ അംഗീകാരം കൊടുത്തിട്ടുള്ളത്. കഴിയുന്നിടത്തോളം ടെൻഡിലേ ഒഴിവാക്കുന്നതിനുള്ള ശ്രമത്തിൻറെ ഭാഗമെന്ന നിലയിലാണ് കഴിഞ്ഞ രണ്ട് ആഴ്ചക്കുമുമ്പ് ക്യാബിനറ്റിൽ പാസാക്കിയത്.

ശ്രീ. ഇ. കെ. നായനാർ: സൈലൻറ്വാലിയെ സംബന്ധിച്ച് ഇന്ദിരാഗാന്ധിയും കേരള ഗവൺമെൻറും തമ്മിൽ 1980-81-ൽ ഒരു ചർച്ച നടത്തി. 3 കോടി രൂപ ചെലവഴിച്ച ഒരു പദ്ധതിയാണ്. സൈലൻറ് വാലി ഇപ്പോൾ തരാൻ പറ്റില്ല, പകരം പൂയംകുട്ടി തരാമെന്ന് പറഞ്ഞു. ഇപ്പോൾ പൂയംകുട്ടിയും ഇല്ല, സൈലൻറ്വാലിയുമില്ല. ഇതിനെ സംബന്ധിച്ച് എ.. ജി. കെ. മേനോൻറെ നേതൃത്വത്തിൽ ഒരു കമ്മീഷൻ ഉണ്ടാക്കിയിരുന്നു. ആ കമ്മീഷൻറെ റിപ്പോർട്ട് ഗവൺമെൻറിൻറെ കയ്യിലുണ്ട്. ആ റിപ്പോർട്ടിൽ പറഞ്ഞിരുന്നത്, 20 കൊല്ലത്തിനകം വീണ്ടും സൈലൻറ് വാലി പദ്ധതി എടുക്കാമെന്നാണ്. ഇപ്പോൾ 16 വർഷം കഴിഞ്ഞു. ആ റിപ്പോർട്ടനുസരിച്ച് രണ്ട് കാര്യങ്ങൾ നിങ്ങൾ ചെയ്യണം. ഒന്ന്, എല്ലാ പേർക്കും പഠിക്കുന്നതിനുവേണ്ടി എം. ജി. കെ. മേനോൻ കമ്മീഷൻ റിപ്പോർട്ട് ഇവിടെ വയ്ക്കണം. 20 വർഷത്തിനുശേഷം വീണ്ടും സ്റ്റഡി ചെയ്യാം എന്നാണ് ആ കമ്മീഷൻ റിപ്പോർട്ടിൽ പറഞ്ഞിരുന്നത്. വീണ്ടും അത് സ്റ്റഡി ചെയ്യാനുള്ള സമയമായിക്കഴിഞ്ഞു. ആ തരത്തിൽ ഇതിൻറെ തുടക്കം ആരംഭിക്കാൻവേണ്ടി സൈലൻറ്വാലിയെ 'സംബന്ധിച്ച്' കേരള ഗവൺമെൻറ് ഒരു ശ്രമം ആരംഭിച്ചാൽ രണ്ട് വർഷത്തിനകം അത് തുടങ്ങാൻ കഴിയും. അതിനൊരു ശ്രമം നടത്തണം.

ശ്രീ. ജി. കാർത്തികേയൻ: മുൻമുഖ്യമന്ത്രി ശ്രീ. ഇ. കെ. നായനാർ പറഞ്ഞ നിർദ്ദേശങ്ങളിൽ ചില യാഥാർത്ഥ്യങ്ങൾ ഉണ്ടെങ്കിലും സൈലൻറ് വാലി പദ്ധതി ജനങ്ങൾക്ക് മുമ്പിൽ അടഞ്ഞ അദ്ധ്യായമാണ്. പൂയംകുട്ടി പദ്ധതി സജീവമായി ജനമദ്ധ്യത്തിലും ഗവൺമെൻറിലും ഉള്ളതാണ്. സൈലൻറ്വാലി 20 വർഷം കഴിഞ്ഞ് എടുക്കാമെന്നു പറഞ്ഞതിൽ ഇനി സ്കോപ്പുണ്ടോ എന്നെനിക്കറിയില്ല. ഞാൻ അത് പരിശോധിക്കാം. ഇനി ഒരിക്കലും വരില്ലെന്ന് ജനങ്ങൾ കരുതിയിരുന്ന സൈലൻറ്വാലി പദ്ധതിയെ പൊടി തട്ടിയെടുത്താൽ ഉണ്ടാകാവുന്ന സ്ഥിതി പരിശോധിക്കണം. പൂയംകുട്ടി പദ്ധതി അടഞ്ഞ അദ്ധ്യായമല്ല. പൂയംകുട്ടി പദ്ധതി സജീവമായി കേരളത്തിലെ ജനങ്ങളുടെ മുമ്പിലും കേന്ദ്ര ഗവൺമെൻറിൻറെ മുമ്പിലും ഉണ്ട്. അദ്ദേഹം പറഞ്ഞ കാര്യം പരിശോധിക്കുന്നതാണ്.

ശ്രീ. ഇ. കെ. നായനാർ: ഗവൺമെൻറ് ശ്രമിച്ചാൽ എം. ജി. കെ. മേനോൻ കമ്മീഷൻ റിപ്പോർട്ട് കിട്ടും. അതിവിടെ വച്ചാൽ സംശയം കുറച്ചുകൂടി തീരും. സൈലൻറ്വാലിയുടെ ഇഷ്യൂ വീണ്ടും എടുക്കാം. അപ്പോൾ പൂയംകുട്ടി കഴിഞ്ഞാൽ സൈലൻറ്വാലി നടപ്പിലാക്കാം.

ശ്രീ. ജി. കാർത്തികേയൻ: കേരളം പോലെയുള്ള ഒരു സംസ്ഥാനത്ത് കുറെ വർഷങ്ങൾക്കുമുമ്പ് നമ്മൾ അടച്ചുവച്ച സൈലൻറ്വാലി പദ്ധതി വീണ്ടും പൊക്കിയെടുത്താൽ ഉണ്ടാകാവുന്ന പൊടിപടലത്തെക്കുറിച്ച് നമ്മൾ ആലോചിക്കണം. തീർച്ചയായും അത് പരിശോധിക്കാം. പൂയംകുട്ടി പദ്ധതിക്ക് വേണ്ടിയുള്ള ശ്രമങ്ങൾ സംസ്ഥാനത്തെ ജനങ്ങൾക്കെല്ലാം അറിയാം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: കേരള സംസ്ഥാനത്ത് റൂറൽ ഇലക്ട്രിഫിക്കേഷൻ സ്കീം എന്നൊരു പദ്ധതി ഉണ്ടായിരുന്നു. കേന്ദ്ര ഗവൺമെന്റിന്റെ പൂർണ്ണ സാമ്പത്തികസഹായത്തോടുകൂടി സംസ്ഥാനത്ത് നടപ്പിലാക്കിക്കൊണ്ടിരുന്ന പദ്ധതിയാണ്. കേരളത്തിൽ ഈ റൂറൽ ഇലക്ട്രിഫിക്കേഷനു വേണ്ടി ഏതെങ്കിലും പ്രദേശം നമ്മൾ റെക്കമെൻഡ് ചെയ്തിട്ടുണ്ടോ? ഞാൻ മനസ്സിലാക്കിയിടത്തോളം കേന്ദ്രഗവൺമെന്റിന്റെ സാംഗ്ഷനു വേണ്ടി കിടക്കുന്നു എന്നാണ്. അങ്ങനെ കിടക്കുന്ന പദ്ധതി ഉണ്ടെങ്കിൽ അത് പെർസ്യൂ ചെയ്യുന്നതിനുവേണ്ടി എന്തെങ്കിലും കാര്യങ്ങളെക്കുറിച്ച് ഗവൺമെന്റ് ആലോചിക്കുമോ?

ശ്രീ. ജി. കാർത്തികേയൻ: ശുപാർശ ചെയ്തിട്ടുള്ള സ്ഥലങ്ങളുടെ പേര് ഇപ്പോൾ എന്റെ കയ്യിലില്ല. അങ്ങ് പറഞ്ഞതുപോലെ കേന്ദ്ര ഗവൺമെന്റിന്റെ മുമ്പിൽ ഇതിന്റെ അംഗീകാരത്തിനുവേണ്ടി കാത്തുകിടക്കുകയാണെങ്കിൽ അംഗീകാരം ലഭിക്കുന്നതിനുവേണ്ടി ശ്രമിക്കുന്നതാണ്. അതിനുവേണ്ടിയുള്ള പരിശ്രമങ്ങളുമായി മുന്നോട്ട് നീങ്ങുന്നതാണ്.

ശ്രീ. വി. ജെ. തങ്കപ്പൻ: കേന്ദ്രഗവൺമെന്റിനു പണ്ടൊരു പാരമ്പര്യേതര ഊർജ്ജ വകുപ്പുമന്ത്രിയുണ്ടായിരുന്നു. എസ്. കൃഷ്ണകുമാർ എന്നായിരുന്നു അദ്ദേഹത്തിന്റെ പേര്. അദ്ദേഹം അധികാരത്തിൽ വന്ന ആദ്യത്തെ മാസത്തിൽതന്നെ കൊച്ചിയിൽ വന്ന് ഒരു പ്രഖ്യാപനം നടത്തി. പാരമ്പര്യേതരമായ ഊർജ്ജ സ്രോതസ് കണ്ടുപിടിച്ച് വൈദ്യുതി ഉണ്ടാക്കുന്നതിനുള്ള 10,000 കോടി രൂപയുടെ ഒരു പദ്ധതി ആയിരുന്നു അത്. സൂര്യപ്രകാശത്തിൽ നിന്നും കാറ്റിൽ നിന്നും ചപ്പുചവറിൽ നിന്നും ചാണകത്തിൽനിന്നും വൈദ്യുതി ഉണ്ടാക്കുന്ന ഒരു പദ്ധതിയാണിത്. ഈ പദ്ധതി എത്രത്തോളം നടപ്പിലായി, എത്ര രൂപ ഇതിനുവേണ്ടി ചെലവായി, എത്ര വൈദ്യുതി ഉൽപ്പാദിപ്പിക്കപ്പെട്ടു, നമ്മുടെ വൈദ്യുതി ക്ഷാമം ലഘൂകരിക്കുന്നതിന് ഈ പദ്ധതിയുടെ കോൺട്രിബ്യൂഷൻ എന്താണ്, തുടങ്ങിയ കാര്യങ്ങൾ വിശദീകരിക്കാമോ?

ശ്രീ. ജി. കാർത്തികേയൻ: ബഹുമാനപ്പെട്ട അംഗത്തിന്റെ ചോദ്യത്തിനുള്ള എല്ലാ മറുപടിയും ഇപ്പോൾ പറയാൻ കഴിയില്ല. കാറ്റിൽനിന്നും വൈദ്യുതിയുണ്ടാക്കുന്ന പദ്ധതി മാത്രമേ കേരളത്തിൽ മുമ്പോട്ടു നീങ്ങുന്നുള്ളൂ. തിരമാലകളിൽനിന്നും ചപ്പുചവറുകളിൽനിന്നുമെല്ലാം വൈദ്യുതി ഉണ്ടാക്കാനുള്ള ശ്രമമുണ്ട്. സൂര്യപ്രകാശത്തിൽനിന്നും വൈദ്യുതിയുണ്ടാക്കുന്ന പ്രവൃത്തിയുമായി കേരളത്തിൽ അനർട്ട് മുന്നോട്ട് നീങ്ങുന്നുണ്ട്. കാറ്റിൽനിന്നും വൈദ്യുതിയുണ്ടാക്കുന്ന പദ്ധതിയുടെ ഭാഗമായി രണ്ട് മെഗാവാട്ട് പദ്ധതി പാലക്കാട്ടെ കഞ്ചിക്കോട് രണ്ട് മാസങ്ങൾക്ക് മുൻപ് കമ്മീഷൻ ചെയ്തു. ഇടുക്കി ജില്ലയിലെ രാമയ്ക്കൽ മേട് എന്ന സ്ഥലത്ത് 25 മെഗാവാട്ട് വീതം വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിനുവേണ്ടി രണ്ട് കമ്പനികളുമായി നമ്മുടെ ഗവൺമെന്റ് പവർ പർച്ചേസ് എഗ്രിമെന്റ് ഒപ്പുവെച്ചു. അവർ അതിന്റെ പ്രവർത്തികളുമായി മുന്നോട്ടുപോവുകയാണ്. അവിടെ ലാൻറ് അക്വയർ ചെയ്യുന്ന ശ്രമങ്ങൾ അവസാനഘട്ടത്തിലാണ്. തമിഴ്നാട്ടിൽ ഉള്ളതുപോലെ കാറ്റിൽ നിന്നും വൈദ്യുതിയുണ്ടാക്കുന്നതിനുള്ള സാദ്ധ്യതകൾ കേരളത്തിൽ കുറവാണ്. കഞ്ചിക്കോട്, രാമയ്ക്കൽമേട്, പൊൻമുടി തുടങ്ങിയ സ്ഥലങ്ങളിൽ മാത്രമേ ആ മെഷീൻ പ്രവർത്തിക്കുന്നതരത്തിലുള്ള ശക്തമായ കാറ്റ് കിട്ടുന്നുള്ളൂ. ലഭ്യമായ അവസരങ്ങൾ ചൂഷണം ചെയ്തുകൊണ്ടുതന്നെ പദ്ധതി പ്രവർത്തനങ്ങളുമായി മുന്നോട്ട് പോകുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. ശിവദാസമേനോൻ: എൽ. ഡി. എഫ്. ഗവൺമെന്റ് അധികാരത്തിലുണ്ടായിരുന്ന കാലത്ത് 1987-91 പിരീഡിൽ അന്നത്തെ വൈദ്യുതി ബോർഡ് ചെയർമാനായിരുന്ന ദിവംഗതനായ എൻ. കാളിശ്വരൻ രണ്ടായിരം എ. ഡി. വരെയുള്ള ഒരു perspective power plan ഉണ്ടാക്കിയിരുന്നു. അതിൽ കായംകുളം തൃക്കരിപ്പൂർ തെർമ്മൽ സ്റ്റേഷൻസും പെരിങ്ങോം ന്യൂക്ലിയർ സ്റ്റേഷനും പൂയംകുട്ടി ജലവൈദ്യുത പദ്ധതിയും പെടും. ഇതിൽ കായംകുളം പദ്ധതിക്ക് ടെക്നോ-ഇക്കണോമിക് ക്ലിയറൻസ്, പ്ലാനിംഗ് കമ്മീഷന്റെ ഇൻവെസ്റ്റ്മെന്റ് ക്ലിയറൻസ്, എൻവയൺമെന്റ് ക്ലിയറൻസ് എന്നിവയും പി.ഐ.ബി ക്ലിയറൻസും കിട്ടി. Oil linkage Thatcher Coal fields ഒറീസയിൽ നിന്നും കിട്ടി. ക്യാബിനറ്റ് ഒരു പൊളിറ്റിക്കൽ ഡിസിഷൻ എടുക്കേണ്ട കാര്യം മാത്രമേ ഉണ്ടായിരുന്നുള്ളൂ. 2460 മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കപ്പെടുന്ന ആ പദ്ധതി 1991 ൽ 400 മെഗാവാട്ടായി ചുരുങ്ങി. അത് നമുക്ക് അപകടമല്ലേ? തൃക്കരിപ്പൂരിലെ താപവൈദ്യുതനിലയത്തിന്റെ കാര്യം എന്തായി? അന്നത്തെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇ. കെ. നായനാർ അന്നത്തെ ശാസ്ത്ര സാങ്കേതിക വകുപ്പുമന്ത്രി എം. ജി. കെ. മേനോനെ നേരിട്ട് കണ്ട്, അറോമിക് പവർ കോർപ്പറേഷന്റെ ചെയർമാൻ അയ്യങ്കാരുമായി ചർച്ച നടത്തി, ന്യൂക്ലിയർ പ്ലാന്റിന് അനുവാദം നേടിയെടുത്തതാണ്. അന്ന് ഇൻഡോ-സോവിയറ്റ് പ്രോട്ടോകോളിൽ ഉണ്ടായിരുന്ന മൂന്ന് പദ്ധതികളിൽ കായംകുളം മാത്രമാണ്, ഇപ്പോഴും മെറ്റീരിയലൈസ് ചെയ്യാത്തത്? മറ്റ് രണ്ടെണ്ണത്തിന്റെ കമ്മീഷനിംഗ് കഴിഞ്ഞു. 1995-ൽ കായംകുളം പദ്ധതി കമ്മീഷൻ ചെയ്യുമെന്ന് കേന്ദ്ര ഗവൺമെന്റിന്റെ കത്ത് മുഖ്യമന്ത്രിക്ക് ലഭിച്ചിട്ടുള്ളതാണ്. സബ്സ്റ്റേഷനേറയും ട്രാൻസ്മിഷനേറയും പണി തുടങ്ങിക്കഴിഞ്ഞതാണ്. 16 കോടി ചെലവാക്കിയതാണ്. ഇതെല്ലാം കഴിഞ്ഞിട്ടും പദ്ധതി മുടങ്ങിയത് നമ്മുടെ വൈദ്യുതി പ്രശ്നം മൂർച്ഛിപ്പിക്കില്ലേ? എന്താണ് ഈ പേഴ്സ് പെക്ടീവ് പ്ലാനിനെ സംബന്ധിച്ച് മന്ത്രിക്ക് പറയാനുള്ളത്.

ശ്രീ. ജി. കാർത്തികേയൻ: കായംകുളം പദ്ധതിയുമായി ബന്ധപ്പെട്ട് പലപ്പോഴും മറുപടി പറഞ്ഞിട്ടുള്ളതാണ്. 2460 മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കപ്പെടുന്ന ഒരു സൂപ്പർ തെർമ്മൽ പ്രോജക്ടായിട്ടാണ് കായംകുളം പ്രഖ്യാപിക്കപ്പെട്ടിരുന്നത്. ഇത്രയും വലിയൊരു പ്രോജക്ടിന് സാമ്പത്തിക ഉറവിടം പ്രശ്നമായിരുന്നു. എന്നും നമ്മുടെ സുഹൃത്ത് രാജ്യമായിരുന്ന സോവിയറ്റ് യൂണിയൻ സാമ്പത്തിക സഹായം നൽകുമെന്ന് കരുതിയിരുന്നു. സോവിയറ്റ് യൂണിയന്റെ തകർച്ച അവർക്കുമാത്രമല്ല, നമുക്കും ബുദ്ധിമുട്ടുള്ള കാര്യമാണ്, സംശയമില്ല. അത്തരം വലിയൊരു പദ്ധതിക്ക് ഫൈനാൻസ് കണ്ടെത്തുന്ന ബുദ്ധിമുട്ടു വന്നത് യാഥാർത്ഥ്യമാണ്. അതിനുശേഷമാണ് അതിന്റെ സ്ഥാപിതശേഷി 400 മെഗാവാട്ടായി കുറച്ചു കൊണ്ട് എൻ. ടി. പി. സി. രംഗത്ത് വരുന്നത്. അല്ലാതെ ആരുടേയും അനാസ്ഥയല്ല. 2460 മെഗാവാട്ട് ഉൽപ്പാദിപ്പിക്കപ്പെടുന്ന സ്റ്റേഷനായി മാറിയാൽ പോലും ഗാഡ്ഗിൽ ഫോർമുലയനുസരിച്ച് നമുക്ക് കിട്ടേണ്ടത് 400 മെഗാവാട്ട് വൈദ്യുതി മാത്രമാണ്. എൻ. ടി. പി. സി. യുടെ പവർ പ്രോജക്ടുകൾക്ക് മറ്റ് സംസ്ഥാനങ്ങളിലേക്ക് ഷെയർ ഉണ്ട്. കായംകുളം ഉൽപ്പാദിപ്പിക്കുന്ന 400 മെഗാവാട്ട് വൈദ്യുതി പൂർണ്ണമായും കേരളത്തിനുതന്നെയാണെന്നുള്ള കരാറിൽ കേരളാ ഗവൺമെന്റും എൻ. ടി. പി. സി.-യും തമ്മിൽ ഒപ്പ് വച്ചിട്ടുണ്ട്. അതുകൊണ്ട് കേരളത്തിനു ലഭിക്കേണ്ട വൈദ്യുതിയിൽ നഷ്ടമില്ല. പക്ഷേ നഷ്ടപ്പെട്ടത് ഒരു മെഗാപ്രോജക്ടാണെന്നത് യാഥാർത്ഥ്യമാണ്. ശ്രീ. ഇ. കെ. നായനാർ നേരിട്ട് [illegible] ശ്രമിച്ചിരുന്ന പദ്ധതികളുടെ സ്ഥിതിയറിയാം. അത്തരം

പദ്ധതികളുമായിട്ട് മുമ്പോട്ട് പോയിട്ടുണ്ടെന്നുള്ളത് ശരിയാണ്. അവിടെയാണ് ആർ. പി. ജി.-യുടേയും ബി. പി. എൽ.-ന്റെയും പ്രോജക്ടുകൾ വരുന്നത്.

ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്): കർണ്ണാടകയിൽ നിന്നും ആന്ധ്രയിൽ നിന്നും ലഭിക്കേണ്ട കേന്ദ്ര വിഹിതം നമുക്ക് കുട്ടുന്നുണ്ടോ, ഇല്ലെങ്കിൽ കാരണമെന്ത്? കേരളത്തിലെ വൈദ്യുതി പ്രതിസന്ധിക്ക് കാരണം കേന്ദ്ര ഗവൺമെന്റിന്റെ കേരളത്തോടുള്ള അവഗണനയാണെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. ജി. കാർത്തികേയൻ: വൈദ്യുതിയുടെ കാര്യത്തിൽ കേന്ദ്രത്തിന് കേരളത്തോട് അവഗണനയുണ്ട് എന്ന അഭിപ്രായം ഇല്ല. നമുക്ക് ലഭിക്കേണ്ട വൈദ്യുതി കേന്ദ്രപൂളിൽനിന്നും ലഭിക്കുന്നുണ്ട്. ആന്ധ്രയിലെ രാമഗുണ്ടം, തമിഴ്നാട്ടിലെ കല്പാക്കം, നെയ്വേലി എന്നിവിടങ്ങളിൽ അവിടത്തെ ഉൽപ്പാദനം പൂർണ്ണമായി നടത്തുന്ന എല്ലാ ഘട്ടങ്ങളിലും കേരളത്തിന് ലഭിക്കേണ്ട വൈദ്യുതി പൂർണ്ണമായും ലഭിച്ചുകൊണ്ടിരിക്കുന്നുണ്ട്.

ശ്രീ. എ. സി. ഷൺമുഖദാസ്: ബഹുമാനപ്പെട്ട മന്ത്രി പാരമ്പര്യേതര ഊർജ്ജ സ്രോതസ്സിനെക്കുറിച്ച് പറഞ്ഞപ്പോൾ തിരമാലയിൽനിന്നും വൈദ്യുതി എടുക്കുന്ന കാര്യം വിട്ടുപോയി. വിഴിഞ്ഞത്ത് തിരമാലയിൽനിന്നും വൈദ്യുതി ഉല്പാദിപ്പിക്കുന്നതിനെ സംബന്ധിച്ച് മദ്രാസിൽ റിസർച്ചൊക്കെ നടത്തിയതാണ്. അതുപോലെതന്നെ കൊല്ലം ജില്ലയിലെ തങ്കശ്ശേരി ഫിഷിംഗ് ഹാർബറിൽ വലിയൊരു സ്കീമിനുവേണ്ടിയുള്ള നടപടികളുണ്ടായി. 600-ഓളം കിലോമീറ്റർ കടലോരമുള്ള കേരളത്തിൽ തിരമാലയിൽനിന്നും വൈദ്യുതി ഉല്പാദിപ്പിക്കാൻ ഇൻഡ്യയിലെ ഏറ്റവും പറ്റിയ സ്ഥലം കേരളമാണെന്നുള്ളത് വച്ചുകൊണ്ട് അതു സംബന്ധിച്ച് പ്രത്യേകമായ വല്ല ചർച്ചയും നടത്തിയിട്ടുണ്ടോ; കേന്ദ്ര ഗവൺമെന്റ് ഇക്കാര്യത്തിൽ അമാന്തം കാണിക്കുന്നു എങ്കിൽ സംസ്ഥാന ഗവൺമെന്റ് മുൻകൈയെടുത്തുകൊണ്ട് തിരമാലയിൽനിന്നും വൈദ്യുതി ഉല്പാദിപ്പിക്കാനുള്ള വല്ല പദ്ധതിയും ആവിഷ്കരിക്കാൻ ദയവുണ്ടാകുമോ?

ശ്രീ. ജി. കാർത്തികേയൻ: ശ്രീ. എ. സി. ഷൺമുഖദാസിന്റെ നിർദ്ദേശം നല്ലതാണ്. ഇപ്പോൾ അക്കാര്യം സജീവമായ ചർച്ചയിലില്ല, ഏറ്റവും കൂടുതൽ കടൽത്തീരമുള്ള കേരളത്തിൽ അതിനെക്കുറിച്ച് ആലോചിക്കാവുന്നതാണ്.

ശ്രീ. പി. ടി. തോമസ്: വൈദ്യുതി ക്ഷാമം പരിഹരിക്കുന്നതിനുള്ള സംസ്ഥാന ഗവൺമെന്റിന്റെ വിവിധ പരിപാടികളിൽ ജല വൈദ്യുത പദ്ധതികൾക്കുള്ള പ്രാമുഖ്യം കൂടുതലായി ഉപയോഗിക്കാൻ ശ്രമിക്കുമോ? അതുപോലെതന്നെ കാറ്റിൽനിന്നും വൈദ്യുതി ഉല്പാദിപ്പിക്കാൻ വളരെയേറെ സാദ്ധ്യതകളുള്ള ഒരു ജില്ലയാണ് ഇടുക്കി ജില്ല. ഈ സാദ്ധ്യതകൾ പരമാവധി പ്രയോജനപ്പെടുത്താൻ എന്തെല്ലും പദ്ധതികളാണ് സർക്കാരിന്റെ മുമ്പിലുള്ളത്? ഇടുക്കി ജില്ലയിലെ തന്നെ ഒന്നുരണ്ട് പ്രദേശങ്ങളിൽ വിദേശ സഹായത്തോടുകൂടി കാറ്റിൽനിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കാനുള്ള വൈദ്യുത പദ്ധതികളെ സംബന്ധിച്ച് ആലോചിച്ചിരുന്നു. അതിന്റെ ഇപ്പോഴത്തെ നില എന്താണെന്ന് വ്യക്തമാക്കുമോ? ഞാൻ ഇന്നലെ ഒരു സബ്മിഷനിലൂടെ വൈദ്യുതി ക്ഷാമം

LIBRARY ARCHIVES Kerala Legislative Assembly

പരിഹരിക്കുന്നതിന് ഇടുക്കിക്ക് ഒരു പ്രയോറിറ്റി കൊടുക്കുമോയെന്ന് ചോദിച്ചപ്പോൾ അതിന് മറുപടി നൽകിയത് ഇന്നത്തെ 'മാതൃഭൂമി' പത്രത്തിൽ ഉണ്ട്. അത് സംബന്ധിച്ചു പറഞ്ഞത്, 'കോളാർ ഖനിയിലെ സ്വർണ്ണം മുഴുവനും കോളാറിന് തന്നെ ചെലവഴിക്കാൻ കഴിയുമോ' എന്നാണ്. സ്വതേ സൗമ്യ ശീലനായ ബഹുമാനപ്പെട്ട മന്ത്രി അങ്ങനെയൊരു നിഷേധാത്മകമായ മറുപടി തന്നതിൽ എനിക്ക് വേദനയുണ്ട്. ഇടുക്കിക്ക് പരിപൂർണ്ണമായി വൈദ്യുതി നൽകണം എന്നല്ല ഞാൻ പറഞ്ഞത്. ഇടുക്കിക്ക് ഒരു പ്രയോറിറ്റി നൽകണമെന്നാണ് ഞാൻ പറഞ്ഞത്. ഇക്കാര്യത്തെ സംബന്ധിച്ച് കൂടി വ്യക്തമാക്കുമോ?

ശ്രീ. ജി. കാർത്തികേയൻ: സംസാരത്തിനിടയിൽ ഒരു നർമ്മം പറഞ്ഞു എന്നേയുള്ളൂ. ആ നർമ്മം ശ്രീ. പി. ടി. തോമസ് സഭയിൽ ആസ്വദിക്കുമെന്നു കരുതി. അല്ലാതെ ഇടുക്കി ജില്ലയോടുള്ള അനാദരവല്ല. എന്നു മാത്രമല്ല, വൈദ്യുതിയുമായി ബന്ധപ്പെട്ടു വരുമ്പോൾ കേരളവും കേരളത്തിലെ ജനങ്ങളും ഇടുക്കി ജില്ലയോട് കടപ്പെട്ടിരിക്കുന്നു. ഇടുക്കി ജില്ലയുടെ ഭൂമിശാസ്ത്രപരമായ കിടപ്പ് കൊണ്ടാണ് ഇപ്പോൾ ഇത്രയെങ്കിലും വൈദ്യുതി നമുക്ക് ഉൽപ്പാദിപ്പിക്കാൻ കഴിയുന്നത്. ഇടുക്കി ജില്ലയോടുള്ള കേരളത്തിലെ ജനങ്ങളുടേയും ഗവൺമെൻറിൻറെയും ബഹുമാനം വളരെ കൂടുതലാണെന്ന് ഒരിക്കൽക്കൂടി ബഹുമാനപ്പെട്ട അംഗത്തെ അറിയിക്കുകയാണ്. ഞാൻ പറഞ്ഞതിൽ എന്തെങ്കിലും തെറ്റിദ്ധാരണയുണ്ടെങ്കിൽ ഞാൻ ഖേദിക്കുന്നു. മറ്റൊന്ന്, ജലവൈദ്യുത പദ്ധതികൾക്ക് പ്രാമുഖ്യം കൊടുക്കണമെന്നു തന്നെയാണ് ഈ ഗവൺമെൻറിൻറെ നയം. ജല വൈദ്യുത പദ്ധതികളിൽ കൂടിയാണ് കേരളത്തിൽ ഇപ്പോൾ വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നത്. അതുകൊണ്ടാണ് ഇൻഡ്യയിലെ ഏറ്റവും കുറഞ്ഞ താരിഫിൽ വൈദ്യുതി കൊടുക്കാൻ കേരളത്തിന് കഴിയുന്നത്. നമ്മുടെ പ്രൊഡക്ഷൻ കോസ്റ്റ് ഒരു രൂപയിൽ താഴെയാണ്. തെർമൽ പ്രോജക്ടിലേയ്ക്ക് മാറുമ്പോൾ ഉൽപ്പാദനച്ചെലവും വൈദ്യുതിയുടെ വിലയും സ്വാഭാവികമായി കൂടും. അതുകൊണ്ട് തെർമൽ പദ്ധതികളോടൊപ്പംതന്നെ ജലവൈദ്യുത പദ്ധതികൾക്ക് കൂടി പ്രോൽസാഹനം നൽകുന്ന നിലപാടു തന്നെയാണ് ഗവൺമെൻറിനുള്ളത്. മറ്റൊരു കാര്യം പറഞ്ഞത്, കാറ്റിൽനിന്നും വൈദ്യുതി ഉല്പാദിപ്പിക്കുന്ന കാര്യമാണ്. അമേരിക്കൻ ബേസ്ഡ് ആയിട്ടുള്ള ഓപ്ടിമം പവർ കോർപ്പറേഷനും ബാംഗ്ലൂർ കേന്ദ്രമായിട്ടുള്ള സുഭോഷ് പവർ പ്രോജക്ടും 25 മെഗാവാട്ട് വൈദ്യുതി അവിടെനിന്നും ഉല്പാദിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങളുമായി മുന്നോട്ടു നീങ്ങുകയാണ്. ഈ രണ്ട് കമ്പനികൾക്ക് പുറമേ മറ്റു ചില കമ്പനികളും അവിടെനിന്നും വൈദ്യുതി ഉല്പാദിപ്പിക്കുന്നതിനു വേണ്ടി വരുന്നുണ്ട്. തീർച്ചയായിട്ടും അതിനുവേണ്ടിയുള്ള എല്ലാ പ്രോൽസാഹനവും സഹായങ്ങളും ഇലക്ട്രിസിറ്റി ബോർഡിൻറെ ഭാഗത്തുനിന്നും കേരള ഗവൺമെൻറിൻറെ ഭാഗത്തു നിന്നും ഉണ്ടാകുന്നതാണ്. ഇടുക്കി ജില്ലയോട് പ്രത്യേകിച്ച് ഒരു അനാദരവുമില്ലെന്നു മാത്രമല്ല, ഇടുക്കിയോട് പ്രത്യേക പരിഗണനയാണ് ഗവൺമെൻറിനുള്ളത്.

ശ്രീ. ഇ. പി. ജയരാജൻ: ബഹുമാനപ്പെട്ട മന്ത്രി ഈ വർഷം ലോഡ് ഷെഡ്ഡിംഗ് ഇല്ലാത്ത ഒരു വർഷമായിരിക്കും എന്ന് പ്രഖ്യാപിച്ച് ഒരാഴ്ച കഴിഞ്ഞപ്പോൾ ഇവിടെ ലോഡ്ഷെഡ്ഡിംഗ് ഏർപ്പെടുത്തി. തൊട്ടു മുൻപുള്ള ഗവൺമെൻറിൻറെ ഭരണകാലത്തെക്കാൾ യു. ഡി. എഫ്. ഗവൺമെൻറിൻറെ ഭരണകാലത്ത് വൈദ്യുതി ഉൽപ്പാദനത്തിൽ എത്ര യൂണിറ്റ് വർദ്ധനവ് ഉണ്ടായിട്ടുണ്ട്? രണ്ടാമത്തെ കാര്യം, തൃക്കരിപ്പൂർ താപ

LIBRARY ARCHIVES Kerala Legislative Assembly

വൈദ്യുത നിലയം ഇപ്പോഴും നിങ്ങളുടെ ലിസ്റ്റിലുണ്ടോ; ഇല്ലെങ്കിൽ അത് ക്യാൻസൽ ചെയ്യാനുള്ള കാരണമെന്താണ്? ഭൂമി വരെ അതിനു വേണ്ടി അക്വയർ ചെയ്തിട്ട് ആ പദ്ധതി ഇപ്പോഴും ഉപേക്ഷിച്ചോ?

ശ്രീ. ജി. കാർത്തികേയൻ: ലോഡ് ഷെഡ്ഡിംഗ് ഒഴിവാക്കാൻ കഴിയും എന്നുള്ള പ്രതീക്ഷ ആയിരുന്നു, കാലവർഷം പ്രതീക്ഷിച്ചുകൊണ്ട് അന്ന് പറഞ്ഞത് ശരിയാണ്. എന്നാൽ കാലവർഷം തെറ്റി, ജലവിതാനം കുറഞ്ഞു, അപ്പോഴും ലോഡ്ഷെഡ്ഡിംഗും പവർ കട്ടും അല്ലാതെ മറ്റൊരു മാർഗവുമില്ലാതെ വന്നു. അതുകൊണ്ടാണ് അങ്ങനെ വന്നത്. മറ്റൊരു കാര്യം ഇപ്പോഴും നമ്മൾ പ്രഖ്യാപിച്ചിട്ടുള്ള പ്രോജക്ടുകളുടെ കൂട്ടത്തിൽ കാസർകോട് ജില്ലയിലെ മഞ്ചേശ്വരവും മറ്റ് പ്രദേശങ്ങളും ഉണ്ട്. തൃക്കരിപ്പൂർ പ്രോജക്ട് എന്ന പേരിൽ ഇപ്പോഴും ഒരു പ്രോജക്ട് ഇല്ല.

ശ്രീ. ടി. ശിവദാസമേനോൻ: തൃക്കരിപ്പൂർ പ്രോജക്ടിന്റെ റിപ്പോർട്ട് വരെ സെൻട്രൽ ഗവൺമെന്റിന് അയച്ചതാണ്. അങ്ങനെയൊരു പദ്ധതി ഉണ്ടായിട്ടില്ലെന്നാണോ പറയുന്നത്?

ശ്രീ. ജി. കാർത്തികേയൻ: ഇല്ലെന്നല്ല പറഞ്ഞത്. നമ്മുടെ പരിഗണനയിൽ ഇപ്പോഴും ഇരിക്കുന്ന പ്രോജക്ടുകളുടെ ലിസ്റ്റിൽ അതില്ലെന്നാണ് പറയുന്നത്. അതല്ലാതെ പരിഗണനയിലില്ല എന്നല്ല പറഞ്ഞത്.

ശ്രീ. പി. ടി. കുഞ്ഞുമുഹമ്മദ്: വൈദ്യുതിയിൽ താൽപര്യമില്ലാതെ വൈദ്യുതി ഭവനുകളിൽ താൽപര്യം ഉണ്ടാക്കിയതാണ് ഈ ബുദ്ധിമുട്ടുകൾക്കൊക്കെ കാരണം. അതിലേയ്ക്ക് ഞാൻ കടക്കുന്നില്ല. ഗുരുവായൂർ, ചാവക്കാട്, കുന്നംകുളം എന്നീ പ്രദേശങ്ങളിൽ തൃത്താല നിന്നാണ് കുടിവെള്ളം കൊടുക്കുന്നത്. പവർകട്ട് മൂലം രണ്ടുമണിക്കൂർപോലും കുടിവെള്ളം കിട്ടുന്നില്ല. ചില സ്ഥലങ്ങളിൽ വെള്ളമേ കിട്ടുന്നില്ല. തൃത്താലയ്ക്കുള്ള കൂറ്റനാട് ഫീഡർ ഓഫ് ചെയ്യുമ്പോഴും പട്ടാമ്പിയിൽനിന്നും തൃത്താലയ്ക്കുള്ള ഫീഡർ പ്രവർത്തിപ്പിക്കുകയാണെങ്കിൽ ഇത് ഒഴിവാക്കാൻ സാധിക്കും. അതിനൊരു നിർദ്ദേശം കൊടുക്കുമോ?

ശ്രീ. ജി. കാർത്തികേയൻ: ബഹുമാനപ്പെട്ട ഗുരുവായൂർ മെമ്പർ പറഞ്ഞത് ശ്രദ്ധിക്കാം.

ശ്രീ. പിണറായി വിജയൻ: കേന്ദ്ര മന്ത്രി ശ്രീ. പി. ജെ. കുര്യൻ പുറപ്പെടുവിച്ച പ്രസ്താവനയെക്കുറിച്ച് ഇവിടെ പറഞ്ഞു. അദ്ദേഹം പ്രസ്താവനയിൽ ഗവൺമെന്റിനെ പൂർണ്ണമായും കുറ്റപ്പെടുത്തുകയാണ് ചെയ്തത്. റവന്യു വകുപ്പ് സ്ഥലം കൊടുത്തില്ലെന്നും കെ.എസ്.ഇ.ബി. താൽപര്യം കാണിച്ചില്ലെന്നും അതിന്റെ തലപ്പത്തിരിക്കുന്നവരാണ് ഇതിനൊക്കെ ഉത്തരവാദികളെന്നുമൊക്കെ പറഞ്ഞു. അതു സംബന്ധിച്ച് എല്ലാ പത്രങ്ങളും റിപ്പോർട്ട് ചെയ്തതാണ്. അതിനെക്കുറിച്ച് അങ്ങയുടെ പ്രതികരണം എന്താണ്?

ശ്രീ. ജി. കാർത്തികേയൻ: ഞാൻ നേരത്തെ പറഞ്ഞു, അദ്ദേഹം അങ്ങനെ പറഞ്ഞതായിട്ട് പത്രങ്ങളിൽ വായിച്ചു. അദ്ദേഹം എത്രത്തോളം പറഞ്ഞു എന്ന് പറയാൻ സാദ്ധ്യമല്ല, എന്ന് മാത്രമല്ല, പല ചർച്ചകളിലും, ഞങ്ങളൊരുമിച്ച് കൂടിയ സമയത്തും മറ്റ് പല സന്ദർഭങ്ങളിലും അദ്ദേഹത്തിന്റെ അഭിപ്രായം ഈ ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെടു

LIBRARY ARCHIVES Kerala Legislative Assembly

ത്തിയിട്ടില്ല. ഒരു കേന്ദ്ര മന്ത്രിയെന്നുള്ള നിലയിൽ പറഞ്ഞതിനപ്പുറത്ത് എന്തെങ്കിലും വാസ്തവമുണ്ടെങ്കിൽ അന്വേഷിക്കാവുന്നതാണ്.

ശ്രീ. കല്ലടി മുഹമ്മദ്: അതിരൂക്ഷമായ വൈദ്യുതി ക്ഷാമം ഇന്ന് നമ്മുടെ സംസ്ഥാനം അഭിമുഖീകരിച്ചുകൊണ്ടിരിക്കുകയാണ്. അത് പരിഹരിക്കുന്നതിനുള്ള മാർഗ്ഗങ്ങളാരായേണ്ടിയിരിക്കുന്നു. സൈലൻറ്വാലി ഒരു അടഞ്ഞ അദ്ധ്യായമാണെന്ന് പറയുകയുണ്ടായി. അതിന് കാരണം പരിസ്ഥിതിക്ക് കോട്ടം തട്ടുമെന്നുള്ള ഉദ്ദേശം തന്നെയാണ്. പരിസ്ഥിതിക്ക് കോട്ടം തട്ടാതെ തന്നെ അവിടെ വൈദ്യുതി ഉൽപ്പാദിപ്പിക്കാൻ കഴിയും. തൊട്ടടുത്ത് കിടക്കുന്ന തമിഴ്നാട്ടിലെ മുണ്ട്റാ പ്രോജക്ട് അങ്ങനെയാണ്, പരിസ്ഥിതിക്ക് യാതൊരു കോട്ടവും തട്ടാതെ അവിടെ വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നുണ്ട്. പോയി കണ്ടാൽ മനസ്സിലാകുന്നതാണ്. അതുകൊണ്ട് സൈലൻറ്വാലി ഒരു അടഞ്ഞ അദ്ധ്യായമാക്കാതെ ഇക്കാര്യത്തെ സംബന്ധിച്ച് ആലോചിച്ച് ഈ പ്രശ്നം പരിഹരിക്കുന്നതിനുള്ള നടപടിക്ക് ഗവൺമെൻറ് മുൻകയ്യെടുക്കുമോ?

ശ്രീ. ജി. കാർത്തികേയൻ: ഈ ഗവൺമെൻറിൻെറ നിലപാട് ഒന്നുകൂടി ഞാൻ പറയാം. സജീവമായ പരിഗണനയിൽ ഇരിക്കുന്ന പൂയംകുട്ടി പദ്ധതിയുമായിട്ട് മുന്നോട്ടു നീങ്ങണമെന്നാണ് ഗവൺമെൻറിൻെറ അഭിപ്രായം. ആളുകളെ മറന്നു കഴിഞ്ഞിരിക്കുന്ന സൈലൻറ്വാലി പദ്ധതിക്ക് വീണ്ടും പ്രാധാന്യം കൊടുത്ത് പ്രശ്നം ഉണ്ടാക്കണമോയെന്നുള്ളത് കേരളത്തിലെ എല്ലാ പൊതു പ്രവർത്തകരും ആലോചിക്കേണ്ട ഒരു വിഷയമാണ്.

ശ്രീമതി കെ. ആർ. ഗൗരിയമ്മ: വൈദ്യുതിയുടെ ഡിസ്ട്രിബ്യൂഷൻ ഇന്നത്തെ നിലയിൽ നടത്തുന്നതിൽ പുനർ ചിന്തനം ചെയ്യാൻ ആലോചനയുണ്ടോ? ഉദാഹരണമായിട്ട്, സീ ഫുഡ് വ്യവസായത്തിന് 24 മണിക്കൂറും ഇലക്ട്രിസിറ്റി കിട്ടിയില്ലെങ്കിൽ ഫ്രീസറിൽ ഇരിക്കുന്ന സാധനങ്ങൾ ജനറേറർ പ്രവർത്തിപ്പിച്ചാലും ചീത്തയാകുന്ന സ്ഥിതിയുണ്ട്. ഇന്ന് 3500-ഓളം കോടി രൂപയുടെ വിദേശ നാണ്യം നേടിത്തരുന്ന ഈ വ്യവസായത്തിൻെറ എക്സ്പോർട്ട് പ്രോസസിംഗ് സോണിന് പവർകട്ട് ഒഴിവാക്കിയതുപോലെ ഇതിനും ഒഴിവാക്കുന്ന കാര്യം ഗവൺമെൻറ് ആലോചിക്കുമോ?

ശ്രീ. ജി. കാർത്തികേയൻ: ബഹുമാനപ്പെട്ട ഗൗരി അമ്മ പറഞ്ഞ പ്രശ്നം രൂക്ഷമാണ്. ഇപ്പോഴും വൈദ്യുതി ക്ഷാമമുണ്ട്. എക്സ്പോർട്ട് പ്രോസസ്സിംഗ് സോണിന് വൈദ്യുതി കൊടുത്തു. മൽസ്യ സംസ്കരണ മേഖലയിൽ കൊടുക്കാൻ ബുദ്ധിമുട്ടുള്ളത് അവർ പ്രവർത്തിക്കുന്നത് വ്യത്യസ്ത സ്ഥലങ്ങളിലാണെന്നുള്ളതുകൊണ്ടുതന്നെയാണ്. അവിടേയ്ക്ക് ഡെഡിക്കേറഡ് ഫീഡർ ഉണ്ടാകില്ല. അവിടെ നമ്മൾ ഒഴിവാക്കുമ്പോൾ അതുവഴി ആ പ്രദേശത്തെ മുഴുവൻ ലോഡ്ഷെഡ്ഡിംഗ് ഒഴിവാക്കേണ്ടി വരും. ഡെഡിക്കേറഡ് ഫീഡർ ഇല്ലാത്തതുകൊണ്ടാണ് ശ്രീമതി ഗൗരി അമ്മ പറഞ്ഞ ഗൗരവകരമായ അവസ്ഥയെക്കുറിച്ച് ആലോചിക്കാൻ ഗവൺമെൻറിന് ബുദ്ധിമുട്ടുള്ളത്.

ശ്രീമതി കെ. ആർ. ഗൗരി അമ്മ: സീ ഫുഡ് വ്യവസായം ഏതാണ്ട് ഒരു മേഖലയിൽത്തന്നെയാണ്. അയിരൂർ, മട്ടാഞ്ചേരി, ഞാറയ്ക്കൽ എന്നീ പ്രദേശങ്ങളാണ്, അവ ഒരുമിച്ച് വരത്തക്കവിധത്തിൽ ഒരേ ഏരിയായിൽ ആയിരത്തോളം ഷെഡ്ഡുകളും ഐസ് ഫാക്ടറികളും ഫ്രീസറുകളും നടത്തുന്നുണ്ട് അവിടെ പ്രത്യേകമായിട്ട് ഒന്നു ശ്രദ്ധിക്കാൻ പറ്റുമോയെന്നാണ് ചോദ്യം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ജി. കാർത്തികേയൻ: ഞാൻ ഇതിനെക്കുറിച്ച് ഇതുമായി ബന്ധപ്പെട്ട വിദഗ്ദ്ധരുമായിട്ട് ആലോചിക്കുന്നതാണ്.

ശ്രീ. സത്യൻ മൊകേരി: സർ, കുറ്റ്യാടി ആഗ്മെന്റേഷൻ പദ്ധതി പവർ ജനറേഷൻ വർദ്ധിപ്പിക്കുന്നതിനെ ഉദ്ദേശിച്ചുകൊണ്ടുള്ള പദ്ധതിയാണ്. അതുപോലെ പെരുവണ്ണാമൂഴി വെള്ളം എത്തിക്കുന്നതിനു വേണ്ടിയുള്ള പദ്ധതിയാണ്. അതിന്റെ മിക്കവാറും 94 ശതമാനത്തിലധികം പണി പൂർത്തിയായിട്ടുണ്ട്. എത്രയും പെട്ടെന്നു കുറ്റ്യാടി ആഗ്മെന്റേഷൻ പദ്ധതി കമ്മിഷൻ ചെയ്താൽ പവർ ജനറേഷൻ 28 മെഗാവാട്ട് അഡിഷണലായിട്ട് ഫസ്റ്റ് സ്റ്റേജിൽത്തന്നെ ഉല്പാദിപ്പിക്കാൻ കഴിയുന്നതാണ്. അത് ഉല്പാദിപ്പിച്ചു കഴിഞ്ഞാൽ കോഴിക്കോട് മേഖലയിലുള്ള വൈദ്യുതി ക്ഷാമത്തിന് വലിയ പരിഹാരം കാണാൻ കഴിയും. അതുപോലെ കുടിവെള്ളത്തിനും കൃഷിക്ക് ആവശ്യമായ വെള്ളത്തിനും പരിഹാരം കാണാൻ കഴിയും. അതുകൊണ്ട് അടിയന്തിരമായി കുറ്റ്യാടി ആഗ്മെന്റേഷൻ പദ്ധതിയുടെ തടസ്സങ്ങൾ പരിഹരിച്ച് കമ്മിഷൻ ചെയ്യുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ശ്രീ. ജി. കാർത്തികേയൻ: ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതു ശരിയാണ്. അവിടെ വൈദ്യുതി ക്ഷാമം പരിഹരിക്കാൻ മാത്രമല്ല കോഴിക്കോട് നഗരത്തിന്റെ ശുദ്ധജലക്ഷാമം ഇതുമായി ബന്ധപ്പെട്ട് നമുക്ക് പരിഹരിക്കാൻ കഴിയും. ഇതിൽ കോടതിയുമായി ബന്ധപ്പെട്ട് ചില കേസുകളുണ്ട്. കോടതിയുടെ നിർദ്ദേശാനുസരണം കോൺട്രാക്ടർക്ക് തുക കൊടുത്തിട്ടുണ്ട്. പതിനഞ്ച് മാസത്തിനകം കമ്മിഷൻ ചെയ്യുന്നതിന് വിധേയമായിട്ടായിരിക്കണം തുക കൊടുക്കേണ്ടത് എന്നുള്ള കോടതി വിധിയുടെ അടിസ്ഥാനത്തിൽ അവിടെ നിർമ്മാണ പ്രവർത്തനങ്ങൾ പുനരാരംഭിച്ചിട്ടുണ്ട്. തീർച്ചയായും പതിനഞ്ചു മാസത്തിനുള്ളിൽ അതിന്റെ ബാക്കി പ്രവർത്തനം പൂർത്തിയാക്കും എന്നാണ് ഗവൺമെന്റ് പ്രതീക്ഷിക്കുന്നത്. അതിനു വേണ്ടിയുള്ള സമയബന്ധിതമായ പരിപാടികളുമായി ഇലക്ട്രിസിറ്റി ബോർഡ് മുന്നോട്ട് നീങ്ങുന്നുമുണ്ട്. അവിടെ ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ കോഴിക്കോട് നഗരത്തിലെ വൈദ്യുതിയുടെയും ശുദ്ധജല ക്ഷാമത്തിന്റെയും പ്രശ്നം ഇതുവഴി പരിഹരിക്കാൻ കഴിയുന്നതാണ്.

ശ്രീ. ടി. നാണു മാസ്റ്റർ: നമ്മുടെ വൈദ്യുതി ക്ഷാമം പരിഹരിക്കുന്നതിന് ആവശ്യമായ പുതിയ പദ്ധതികൾ ആരംഭിക്കാനുള്ള നടപടികളൊക്കെ നീങ്ങുന്നുണ്ട്. ചില സാങ്കേതികമായ പ്രശ്നങ്ങൾ ഉന്നയിച്ചുകൊണ്ട് ചില എതിർ പ്രവർത്തനങ്ങൾ ചില ആളുകളുടെ ഭാഗത്തുനിന്നും വരുന്നുണ്ട്. ഉദാഹരണമായി, നമ്മുടെ കോട്ടുകാൽ താപനിലയം സംബന്ധിച്ച് സർവ്വേ നമ്പർ 133 മുതൽ 486 വരെ സ്ഥലം അക്വയർ ചെയ്തിട്ടുണ്ട്. അവിടെ അത് സംബന്ധിച്ച് നിരവധി പ്രശ്നങ്ങളുണ്ട്. ആ പ്രശ്നങ്ങൾ നമ്മുടെ പദ്ധതി പൂർത്തിയാക്കുന്നതിന് തടസ്സമായി നിൽക്കുന്നുണ്ട്. അത് കണക്കിലെടുത്ത് അത് പരിഹരിക്കാൻ ഇന്ന് അവിടത്തെ ആളുകൾ സംഘടിച്ച് ഒരു നിയമസഭാ മാർച്ചും നടത്തുന്നുണ്ട്. അവരുമായി ചർച്ച ചെയ്തത് വളരെ വേഗം അതിനു പരിഹാരമുണ്ടാക്കി ഈ പദ്ധതി പൂർത്തിയാക്കാനുള്ള വഴി തെളിയിക്കുന്നതിൽ ബഹുമാനപ്പെട്ട മന്ത്രി മുൻകൈയെടുക്കുമോ? ഇന്നുതന്നെ അവരെ വിളിച്ച് ഈ പ്രശ്നം പരിഹരിക്കാനുള്ള ചർച്ച ഏർപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ജി. കാർത്തികേയൻ: ഈ പ്രശ്നവുമായി ബന്ധപ്പെട്ട് ആ പ്രദേശത്തെ എം. എൽ. എ. ശ്രീ. ജോർജ് മസ്ക്രീൻ ഒരു സബ്മിഷൻ ഉന്നയിച്ചിട്ടുണ്ട്. ആ സബ്മിഷനുള്ള മറുപടിയും ബഹുമാനപ്പെട്ട നാണു മാസ്റ്ററുടെ ചോദ്യത്തിനുള്ള മറുപടിയും ഒരുമിച്ച് പറഞ്ഞാൽ പോരേ?

മി. സ്പീക്കർ: അങ്ങനെ പറഞ്ഞാൽ മതി.

ഡീസൽ വൈദ്യുതി നിലയങ്ങളുടെ നിർമ്മാണ കരാർ

*2 (55) ശ്രീ. ടി. കെ. ഹംസ:
,, ഒ. ഭരതൻ:
,, പി. രാജു:
,, എ. സി. ഷൺമുഖദാസ്:
,, കെ. കൃഷ്ണൻ കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്ഥാപിക്കാൻ ഉദ്ദേശിച്ചിട്ടുള്ള ഡീസൽ വൈദ്യുത നിലയങ്ങളുടെ പണി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത വൈദ്യുത നിലയങ്ങൾവഴി എത്ര യൂണിറ്റ് വൈദ്യുതി ഉൽപ്പാദിപ്പിക്കാനാകുമെന്ന് വ്യക്തമാക്കുമോ;

(സി) ബ്രഹ്മപുരം ഡീസൽ പ്ലാന്റ് എന്ന് കമ്മീഷൻ ചെയ്യാനാണ് നിശ്ചയിച്ചിരുന്നത് ;

(ഡി) ഇതിന്റെ എസ്റ്റിമേറ്റ് എത്രയായിരുന്നുവെന്നും പണി പൂർത്തിയാകുമ്പോൾ എന്ത് ചെലവ് വരും എന്നും വെളിപ്പെടുത്തുമോ;

(ഇ) ഇതിന് ഏതെങ്കിലും സ്ഥാപനത്തിൽനിന്നും സാമ്പത്തിക സഹായം ലഭ്യമായിട്ടുണ്ടോ; ഉണ്ടെങ്കിൽ എവിടെനിന്നും എന്ന് വെളിപ്പെടുത്തുമോ;

(എഫ്) പ്രസ്തുത ഡീസൽ പ്ലാന്റ് സ്ഥാപിക്കുമ്പോൾ ഉണ്ടാക്കിയ ധാരണാപത്രത്തിൽ മാറ്റം വരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കാമോ;

(ജി) ബ്രഹ്മപുരം പദ്ധതിയിൽനിന്നും ഒരു യൂണിറ്റ് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിന് എന്ത് ചെലവ് വരുമെന്ന് കണക്കാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്രയെന്ന് വെളിപ്പെടുത്തുമോ;

(എച്ച്) ബ്രഹ്മപുരം വൈദ്യുത പദ്ധതിയുടെ കരാറിനെ സംബന്ധിച്ച് ഉയർന്നുവന്നിട്ടുള്ള ആരോപണങ്ങളെക്കുറിച്ച് സർക്കാർ അന്വേഷണം നടത്തിയിട്ടുണ്ടോ;

(ഐ) ബ്രഹ്മപുരം ഡീസൽ പദ്ധതിക്കുവേണ്ടി ജനറേറ്റർ വാങ്ങുന്നതിന് ആർക്കാണ് കരാർ നൽകിയത്;

(ജെ) ബ്രഹ്മപുരം പദ്ധതിക്കുവേണ്ടിയുള്ള ജനറേറ്റർ സെറ്റുകൾ കർണ്ണാടകയിലെ "യലഹങ്ക" പദ്ധതിയുടെ അതേ വിലയ്ക്കും വ്യവസ്ഥകൾക്കും വിധേയമായാണോ വാങ്ങുന്നത്;

LIBRARY ARCHIVES Kerala Legislative Assembly